**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2531** **15-10-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ എട്ട് പഞ്ചായത്തുകളിലായി എത്ര ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ നിലവിലുണ്ടെന്ന് സ്ഥലത്തിന്റെ പേര് സഹിതം അറിയിക്കാമോ; | (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലായി കെ.എസ്.ഇ.ബി.എൽ ആറ് (6) പോൾ മൗണ്ടഡ് ചാർജ് പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. നാളോം കോറോൾ<br>2. ആയഞ്ചേരി തെരു<br>3. തീക്കുനി (പൂമുഖം)<br>4. അരൂർ<br>5. ചേരപുരം<br>6. അമ്പലക്കുളങ്ങര |
| (ബി) | ഇലക്ട്രിക് വാഹനങ്ങളുടെ എണ്ണം വർദ്ധിയ്ക്കുന്ന സാഹചര്യത്തിലും നിലവിലെ ചാർജിംഗ് സ്റ്റേഷനുകൾ മതിയാകാത്ത അവസ്ഥയിലും കുറ്റ്യാടി, കക്കട്ടിൽ, ആയഞ്ചേരി, വില്യാപ്പള്ളി, തീക്കുനി, പുറമേരി, വട്ടോളി എന്നീ ടൗണുകളിൽ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ? | (ബി) | പുതുതായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ നിലവിലില്ല. കെ.എസ്.ഇ.ബി.എൽ-ന്റെ ചാർജിങ് ശൃംഖല സ്ഥാപിതമായതിനെത്തുടർന്ന് സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങളുടെ എണ്ണം ഗണ്യമായി വർധിക്കുകയും, സ്വകാര്യ മേഖലയിൽ ധാരാളം ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിതമാകുകയും ചെയ്യുന്നുണ്ട്. നിലവിൽ 700-ൽ പരം കെ.എസ്.ഇ.ബി.എൽ. ഇതര ചാർജജിങ് സ്റ്റേഷനുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.<br><br>കെ.എസ്.ഇ.ബി.എൽ സ്ഥാപിച്ചിട്ടുള്ള പോൾ മൗണ്ടഡ് ചാർജിങ് സ്റ്റേഷനുകളിൽ പാർക്കിങ്ങിനുള്ള സ്ഥല ലഭ്യതക്കുറവ് തുടങ്ങിയ കാരണങ്ങളാൽ ചാർജ്ജിങിന് ബുദ്ധിമുട്ടുള്ള സ്ഥലങ്ങൾ പരിശോധിച്ച് ബഹുമാനപ്പെട്ട MLA യുടെ അനുമതിയോടെ കൂടുതൽ അനുയോജ്യമായ സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടിയും കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചു വരുന്നു.<br><br>ഇലക്ട്രിക് കാറുകൾക്ക് വേണ്ടിയുള്ള ഡി.സി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ പ്രധാനമായും ആവശ്യമായി |

| | | | |
|---|---|---|---|
| | | | വരുന്നത് ദീർഘദൂര യാത്രകളിലാണ്. പ്രസ്തുത നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ദേശീയപാത, മറ്റ് സംസ്ഥാന പാതകൾ എന്നിവിടങ്ങളിൽ കഫറ്റേരിയ, വാഷ്റൂം സംവിധാനത്തോട് കൂടിയ 105 sqm (10mx8m, 5mx5m) സർക്കാർ അധീനതയിലുള്ള സ്ഥലം 10 വർഷത്തെ ലീസ് റെന്റിന് നൽകിയാൽ മൂന്ന് കാറുകൾ ഒരേ സമയം ചാർജ് ചെയ്യുന്നതിനുള്ള DC ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സംവിധാനം അനെർട്ട് മുഖേന സജ്ജമാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ